## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2113 17.12.2012 -ൽ മറുപടിയ്ക്ക്**

**<u>മണൽ മാഫിയകളുമായി ബന്ധമുള്ള ഉദ്യോഗസ്ഥന്മാർ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. നാരായണൻ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. കെ. വി.വിജയദാസ് | തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>(ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി) |
| എ) സംസ്ഥാനത്ത് മണൽ മാഫിയകളുമായി ബന്ധമുള്ള ഉദ്യോഗസ്ഥന്മാരുടെ പട്ടിക ഇന്റലിജൻസ് വിഭാഗം തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;<br><br>ബി) ഉദ്യോഗസ്ഥന്മാരുടെ പട്ടികയോടൊപ്പം മണൽ മാഫിയയെ സംരക്ഷിക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയ പ്രവർത്തകരുടെ ലിസ്റ്റും തയ്യാറാക്കിയിട്ടുണ്ടോ ;<br><br>സി) പ്രസ്തുത ലിസ്റ്റുകളിൽപ്പെട്ടവർക്കെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ ; | (എ), (ബി),ആന്റ് (സി)<br><br>സംസ്ഥാനത്തെ ചില സ്ഥലങ്ങളിൽ പോലീസ് ഉദ്യോഗസ്ഥർക്ക് മണൽ മാഫിയയുമായി ബന്ധമുണ്ട് എന്നത് സംബന്ധിച്ച ഇന്റലിജൻസ് റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മണൽ മാഫിയയുമായി ബന്ധപ്പെട്ട് അനധികൃതമായി ധന സമ്പാദനം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥരെ ക്രമസമാധാന പാലനവുമായി ബന്ധപ്പെട്ട ജോലികളിൽ നിന്നും മാറ്റി നിർത്തുന്നതിനും ഇവർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ ശക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് രഹസ്യവും വിശദവുമായ അന്വേഷണം നടത്താൻ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന് നിർദ്ദേശവും നൽകിയിട്ടുണ്ട്. സംസ്ഥാന ഇന്റലിജൻസ് വിഭാഗം മേധാവി സർക്കാരിന് ലഭ്യമാക്കിയ രഹസ്യ റിപ്പോർട്ടുകളായതിനാൽ ഇതു സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല. |
| ഡി) മണൽ മാഫിയകളെ സംരക്ഷിക്കാൻ പോലീസ് സ്റ്റേഷനിൽ ചെന്ന് പോലീസിന്റെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തെ കണ്ണൂർ എം. പി., കെ. സുധാകരൻ തടസ്സപ്പെടുത്തുകയുണ്ടായോ ; എങ്കിൽ അദ്ദേഹത്തിനെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ ? | ഡി) 31.10.2012-ന് വളപട്ടണം എസ്. ഐ. സ്റ്റേഷനിൽ വച്ച് പരാതികൾ സ്വീകരിക്കുന്ന സമയം കേസിൽ ഉൾപ്പെട്ട കോൺഗ്രസ് നേതാവിനെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് നൂറോളം കോൺഗ്രസ് പ്രവർത്തകർ സംഘം ചേർന്ന് സ്റ്റേഷന് മുൻവശം റോഡിൽ തടിച്ചുകൂടി പോലീസിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്തിയതിന് ഇവർക്കെതിരെ വളപട്ടണം പോലീസ് സ്റ്റേഷൻ ക്രൈം നം.1318/12 u/s 143, 147, 283 r/w 149 IPC, കേരള പോലീസ് ആക്ടിലെ വകുപ്പ് 117 എന്നിവ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ